## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1651** **04.12.2015 ൽ മറുപടി നൽകേണ്ടിയിരുന്നത്**

### ചെറുകിട കർഷകരെ സഹായിക്കാൻ പദ്ധതി

| ചോദ്യം<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കാർഷിക മേഖല തകർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കർഷകരക്ഷയ്ക്കായി എന്തെങ്കിലും പദ്ധതി ഉദ്ദേശിക്കുന്നുണ്ടോ; | എ) ഉണ്ട്.<br>കൃഷി വകുപ്പ് മുഖേന കേരളത്തിലെ പ്രധാന വിളകളുടെ വ്യാപനം, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനും കാർഷികോൽപ്പന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യവർദ്ധനവ് എന്നിവയ്ക്കായും പ്രത്യേകം പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ പ്രകൃതിക്ഷോഭം കൊണ്ടുളള വിളനാശത്തിന് നഷ്ടപരിഹാരമായി വിള ഇൻഷ്വറൻസ് പദ്ധതി, കർഷക ക്ഷേമത്തിനായി കർഷക പെൻഷൻ പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു. |
| ബി) ചെറുകിട കർഷകരെ സഹായിക്കാൻ കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ സംബന്ധിച്ച് വിശദീകരണം നൽകുമോ; | ബി) ചെറുകിട കർഷകരെ സഹായിക്കാൻ കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) ചെറുകിട കർഷകർക്ക് ബജറ്റിൽ പ്രഖ്യാപിച്ച പലിശ രഹിത വായ്പ ലഭ്യമാക്കിയിരുന്നോയെന്നും ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ; | സി) 2015-16 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പലിശ രഹിത വായ്പ പദ്ധതി സഹകരണ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. ചെറുകിട കർഷകർക്ക് ബഡ്ജറ്റിൽ പ്രഖ്യാപിച്ച പലിശ രഹിത വായ്പ ലഭ്യമാക്കിയിട്ടില്ല എന്ന് സഹകരണ വകുപ്പ് ഇപ്പോൾ അറിയിച്ചിട്ടുണ്ട്. |
| ഡി) ചെറുകിട കർഷകർക്കായി കൂടുതൽ സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | ഡി) നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അവ പരിഹരിച്ച് ചെറുകിട കർഷകർക്ക് കൂടുതൽ സഹായം ലഭ്യമാക്കുവാനാണ് കൃഷി വകുപ്പ് ഉദ്ദേശിക്കുന്നത്. |

Mayal

സെക്ഷൻ ഓഫീസർ

## അനുബന്ധം

ചെറുകിട കർഷകരെ സഹായിക്കാൻ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ സംബന്ധിച്ച ലഘു വിവരണം ചുവടെ ചേർക്കുന്നു.

1. **റബ്ബർ വില സ്ഥിരത ഫണ്ട് :** – കേരളത്തിലെ ഭൂരിഭാഗം റബ്ബർ കർഷകരും ചെറുകിട കർഷകരാണ്. റബ്ബറിന്റെ വിലയിടിവ് മൂലം കഷ്ടപ്പെടുന്ന കർഷകരെ സഹായിക്കുന്നതിന് കിലോയ്ക്ക് 150/-രൂപ താങ്ങുവില നല്കി 20,000 മെട്രിക് ടൺ റബ്ബർ സംഭരിക്കുവാനുള്ള പദ്ധതിയാണിത്. റബ്ബറിന്റെ താങ്ങ് വിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപ്പന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ / റബ്ബർ ഉല്പാദക സംഘങ്ങളുടേയോ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നല്കുന്നതാണ്. ഇതിനായി 300 കോടി രൂപയുടെ വില സ്ഥിരതാഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ഇതിനകം 51 കോടി രൂപാ പ്രസ്തുത പദ്ധതി പ്രകാരം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.
2. **പലിശരഹിത വായ്പ** :– ഹ്രസ്വകാലവായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 3 ശതമാനം പലിശ കേന്ദ്രസർക്കാർ സബ്സിഡിയായി അനുവദിക്കുന്നതിനു പുറമേ വരുന്ന പലിശ ബാദ്ധ്യത സർക്കാർ വഹിക്കുന്ന പദ്ധതിയാണ്. നബാർഡും സഹകരണ സംഘങ്ങളുമായി ചേർന്നാണ് പദ്ധതി നടപ്പലാക്കേണ്ടത്.
3. **നീര ഉല്പാദനം** : - നാളികേര വികസന ബോർഡുമായി സഹകരിച്ച് നീര ടെക്നീഷ്യൻമാർക്ക് പരിശീലനം, നാളികേര ഉല്പാദന കമ്പനികൾക്കും കെട്ടിട യന്ത്ര സാമഗ്രികൾക്ക് സഹായധനായി ചിലവിന്റെ 25 ശതമാനം അഥവാ 50 ലക്ഷം രൂപ ഏതാണോ കൂടുതൽ അത്, കർഷകർക്ക് സ്വയം കണ്ടെത്തുന്ന തുകയുടെ 25 ശതമാനം മൂലധന സഹായമായി കർഷക ഉല്പാദന കമ്പനികൾക്ക് നല്കുക എന്നീ മൂന്ന് ഇനങ്ങൾക്കും കൂടി ആകെ 32 കോടി രൂപ വകയിരുത്തിയിരുന്നു. ഇ വിഷയത്തിൽ 22 കോടി രൂപയുടെ ഒരു പ്രോജക്ട് ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നതിനെ തുടർന്ന് 5.50 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിച്ചിട്ടുണ്ട്.

4. **സുഗന്ധ വ്യഞ്ജനങ്ങളുടെ കൃഷി വികസനം** :- കേന്ദ്ര സർക്കാർ നിബന്ധനകൾക്ക് വിധേയമായി ഇടുക്കി. കോട്ടയം. വയനാട് ജില്ലകളിൽ പൈലറ്റായി സുഗന്ധ വ്യഞ്ജനങ്ങളുടെ കൃഷിയ്ക്ക് സബ്സിഡി നല്കാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു ഇടുക്കി, വയനാട് ജില്ലകളിൽ കുരുമുളക് കൃഷിയുടെ സംയോജിത വികസനത്തിനായുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നല്കുകയും പദ്ധതി നടപ്പിലാക്കി വരുകയും ചെയ്യുന്നു.

5. **ഹണി മിഷൻ : -** തേൻ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഒരു ഹണി മിഷൻ സ്ഥാപിക്കുന്നതിനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിനുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്.

6. **സമഗ്ര നൽവിള ഇൻഷ്വറൻസ് സ്കീം : -** നിലവിലുള്ള വിള ഇൻഷ്വറൻസ് പദ്ധതികളിലെ പോരായ്മ പരിഹരിക്കുന്നതിനും, ശക്തിപ്പെടുത്തുന്നതിനുമായി ഒരു സമഗ്ര വിള ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

Mayap
സെക്ഷൻ ഓഫീസർ